(ബി) പനയിലും, തെങ്ങിലും, കമുകിലും കയറുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ കരടു രൂപം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഇക്കാര്യത്തിൽ സർക്കാർ അവസാന തീരുമാനം എടുത്തിട്ടില്ല.

(ഡി) ക്ഷേമപദ്ധതിയുടെ വിവിധ വശങ്ങളും പരിശോധനയിലാണ്. അതോടൊപ്പം ഈ നിർദ്ദേശവും പരിഗണിക്കാം.

(ഇ) ഇക്കാര്യം (ബി) വിഭാഗത്തിന്റെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

* 494 [521] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ചില വൻകിട വ്യവസായികളും വ്യവസായങ്ങളും തുടങ്ങുവാൻവേണ്ടി ഏറെടുക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൻകിട വ്യവസായികൾക്ക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ മുറികൾ കൊടുക്കുന്നതു കാരണം ചെറുകിട വ്യവസായികൾക്ക് മുറികൾ കിട്ടാതിരിക്കുന്ന സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി, എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ.പി.എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ വനഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

* 495 [523] ശ്രീ. പി.ആർ. കുറുപ്പ്:

,, എൻ.ഐ. ദേവസ്സിക്കുട്ടി:

,, കെ. രാഘവൻ മാസ്റ്റർ:

,, ഈ. നാരായണൻ നായർ:

,, എം.പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഏറെടുത്ത സ്വകാര്യ വനഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്കു സ്വകാര്യ വനഭൂമി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly